# പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2020 മാർച്ച് 12, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയ നോട്ടീസ്

യൂണിവേഴ്സിറ്റി പരീക്ഷകളുടെ വിശ്വാസ്യത

മി. സ്പീക്കർ: സംസ്ഥാനത്തെ സർവകലാശാലകളിൽ അനധികൃതമായി അദാലത്തുകൾ നടത്തി പരീക്ഷയിൽ തോറ്റ വിദ്യാർത്ഥികൾക്ക് മാർക്ക് ദാനം നൽകിയെന്നത് സംബന്ധിച്ച വിഷയം പല പ്രാവശ്യം സഭയിൽ ചർച്ച ചെയ്യുകയും അടിയന്തരപ്രമേയമായി ഉന്നയിക്കപ്പെട്ടിട്ടുള്ളതുമാണ്. മാത്രമല്ല, ചാൻസലർ സർക്കാരിന് നൽകിയ റിപ്പോർട്ട് പൂർണ്ണമായും അവഗണിച്ച സർക്കാരിന്റെ നടപടിയെ സംബന്ധിച്ച് ചർച്ച ചെയ്യണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അപ്രകാരമൊരു റിപ്പോർട്ട് ഗവൺമെന്റിന്

ലഭ്യമായിട്ടില്ലാത്തതിനാൽ ഇതൊരു അടിയന്തരപ്രാധാന്യമുള്ള വിഷയമായി ചെയർ കരുതുന്നില്ല. ഈ വിഷയം സബ്മിഷനായി അവതരിപ്പിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാന ഗവൺമെന്റ് അനധികൃതമായി അദാലത്തുകൾ സംഘടിപ്പിച്ച് പരീക്ഷയിൽ തോറ്റ വിദ്യാർത്ഥികൾക്ക് മാർക്ക് ദാനം നടത്തി വിജയിപ്പിച്ച നടപടിയെ വിമർശിച്ചുകൊണ്ട് ഗവർണർ ഉത്തരവിറക്കിയിട്ടുണ്ട്. ഇത് അടിയന്തര പ്രാധാന്യമുള്ള വിഷയമാണ്.

മി. സ്പീക്കർ: ഈ വിഷയം അടിയന്തരപ്രമേയത്തിന്റെ പരിധിയിൽ വരാത്തതാകയാൽ അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുമുന്നിൽവന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## II ശ്രദ്ധ ക്ഷണിക്കൽ

### ബാങ്കിംഗ് റഗുലേഷൻ നിയമഭേദഗതി

ശ്രീ. വി. ജോയി: സഹകരണ ബാങ്കുകൾക്കുമേൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ആർ.ബി.ഐ.-ക്ക് അധികാരം നൽകുന്നതിന് ബാങ്കിംഗ് റഗുലേഷൻ നിയമം ഭേദഗതി ചെയ്യാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ

നിയമസഭയിൽ ഐകകണ്ഠ്യേന പ്രമേയം പാസാക്കുന്നതിനും സർവ്വകക്ഷിയോഗം വിളിക്കുന്നതിനും ഈ വിഷയം പാർലമെന്റിൽ ഉന്നയിക്കുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): പാർലമെന്റിൽ അവതരിപ്പിച്ച ബാങ്കിംഗ് നിയന്ത്രണ (ഭേദഗതി) ബിൽ, 2020-ലെ ലൈസൻസ്ഡ് സഹകരണ ബാങ്കുകൾ ഒഴികെയുള്ള സഹകരണ സംഘങ്ങൾ പേരിനോടൊപ്പം ബാങ്ക് എന്ന് ചേർക്കാൻ പാടില്ലെന്ന വ്യവസ്ഥ സഹകരണ പ്രസ്ഥാനങ്ങളുടെ അടിസ്ഥാന പ്രമാണങ്ങൾ തിരസ്കരിക്കുന്നതാണ്. സഹകരണ ബാങ്കുകൾക്ക് അംഗങ്ങൾക്കും അല്ലാത്തവർക്കും ഡിബഞ്ചറും ബോണ്ടും വിൽക്കാമെന്ന വ്യവസ്ഥ സഹകരണ തത്വങ്ങൾക്ക് വിരുദ്ധവും അംഗങ്ങളുടെ താല്പര്യങ്ങൾക്ക് എതിരുമാണ്. സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന സ്വഭാവത്തെ നിരാകരിച്ചുകൊണ്ട് കമ്പനി നിയമത്തോട് തുലനപ്പെടുത്തുന്നത് നീതീകരിക്കാനാവില്ല. സംസ്ഥാനത്തിന്റെ ഭരണഘടനാ അവകാശം നിലനിർത്തുന്നതിന് പാർലമെന്റിൽ സംസ്ഥാനത്തുനിന്നുള്ള എം.പി.-മാർ വഴി ഇടപെടൽ നടത്താൻ സാധിക്കും. നിയമവിദഗ്ദ്ധരുമായി ആലോചിച്ച് പരിഹാരമാർഗ്ഗങ്ങൾ തീരുമാനിക്കുകയും സംസ്ഥാന നിയമസഭയിൽ പ്രമേയം പാസ്സാക്കുന്നതിനുള്ള സാധ്യത

പരിശോധിക്കുകയും ചെയ്യുന്നതാണ്.

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാത്തതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

(സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് യു.ഡി.എഫ്. അംഗങ്ങൾ സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ സബ്മിഷനുകൾ റദ്ദാക്കുകയും ബന്ധപ്പെട്ട മന്ത്രിമാർ മറുപടി മേശപ്പുറത്തു വയ്ക്കണമെന്ന് നിർദ്ദേശിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടക്കുകയും ചെയ്തു. യു.ഡി.എഫ്. അംഗങ്ങൾ സഭ ബഹിഷ്കരിച്ചു.)

## III ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### കോവിഡ്-19 നിയന്ത്രണ നടപടി

സംസ്ഥാനത്ത് കോവിഡ്-19 വ്യാപനത്തെത്തുടർന്നുണ്ടായ സാഹചര്യം നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തുകയും സംസ്ഥാനത്ത് നിലനിൽക്കുന്ന ഭീതിജനകമായ അന്തരീക്ഷത്തിൽ ജാഗ്രത പാലിക്കുന്നതുസംബന്ധിച്ച് ബോധവത്കരണം നൽകുന്നതിന് 14-03-2020-ന് എല്ലാ ജില്ലകളിലും ചേരുന്ന പഞ്ചായത്ത് പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും യോഗത്തിൽ മന്ത്രിമാരും കളക്ടർമാരും

പങ്കെടുക്കുന്നതും എല്ലാ എം.എൽ.എ.-മാരും എം.പി.-മാരും മറ്റ് ജനപ്രതിനിധികളും പങ്കെടുക്കേണ്ടതുമാണെന്ന് അറിയിക്കുകയും ചെയ്തു.

## IV ഗവൺമെന്റ് പ്രമേയം

കോവിഡ്-19 നിയന്ത്രണങ്ങൾമൂലം പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ

കോവിഡ്-19 വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾമൂലം പ്രവാസി ഇന്ത്യാക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം മുഖ്യമന്ത്രി അവതരിപ്പിക്കുകയും വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി പിന്താങ്ങുകയും ചെയ്തു.

ശ്രീ. പി. സി. ജോർജ്: പ്രമേയത്തെ അനുകൂലിക്കുന്നു. ഇന്ത്യൻ പൗരന്മാർക്ക് ഇന്ത്യയിലേയ്ക്ക് വരാൻ സാധിക്കാത്ത സാഹചര്യം സൃഷ്ടിച്ച കേന്ദ്രഗവൺമെന്റ് നടപടിക്കെതിരെ ശക്തമായി പ്രതികരിക്കണം. രോഗബാധയില്ലാത്തവരെ ഇറ്റലിയിൽനിന്ന് നാട്ടിലെത്തിക്കാൻ സംസ്ഥാന സർക്കാർ ഇടപെടണം.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: പ്രമേയത്തെ അനുകൂലിക്കുന്നു. പരിശോധനാ റിസൽറ്റ് നെഗറ്റീവായിട്ടുള്ളവർക്ക് ഇറ്റലിയിൽനിന്ന് നാട്ടിൽ വരാനുള്ള സൗകര്യമൊരുക്കണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: പ്രമേയത്തെ അനുകൂലിക്കുന്നു. ഇറ്റലിയിലുള്ള

ഇന്ത്യാക്കാരെ നാട്ടിലെത്തിക്കുന്നതിനുപകരം അവിടെവച്ച് ചികിത്സിച്ച് ഭേദമാക്കണമെന്ന കേന്ദ്ര നിലപാട് ലജ്ജാകരമാണ്. ഇക്കാര്യത്തിൽ രാജ്യസഭയിൽ നൽകിയ ഉറപ്പ് പാലിക്കപ്പെടാത്ത അവസ്ഥയാണുള്ളത്.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## V റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്തൊമ്പതാമത് റിപ്പോർട്ട് സമർപ്പിച്ചു.

## VI ധനകാര്യം

2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXVII - സഹകരണം

(541,46,94,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLII - വിനോദസഞ്ചാരം

(385,77,78,000 രൂപ)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.)

ശ്രീ. പി. സി. ജോർജ്: വാഗമൺ ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനത്തിനും ഹൈന്ദവ-മുസ്ലീം-ക്രിസ്ത്യൻ വിശ്വാസികളുടെ തീർത്ഥാടന കേന്ദ്രങ്ങളായ മുരുകൻമല, തങ്ങൾപാറ, കുരിശുമല എന്നിവയുടെ പുനരുദ്ധാരണത്തിനും ആവശ്യമായ നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സഹകരണ-വിനോദസഞ്ചാര മേഖലകളിൽ വൻ മുന്നേറ്റമുണ്ടാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കേരള ബാങ്കിന്റെ ബിസിനസ് വിപുലീകരിക്കുന്നതിനും കോർബാങ്കിംഗ് ഏകീകരണം പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചു. എൻ.ആർ.ഇ./എൻ.ആർ.ഒ. അക്കൗണ്ടുകളിലൂടെ അധിക നിക്ഷേപം സമാഹരിക്കുന്നതിനും ജീവനക്കാരുടെ ഏകീകരണം, കേഡർ സംയോജനം, ശമ്പള പരിഷ്കരണം തുടങ്ങിയവ നടപ്പാക്കുന്നതിനും തീരുമാനമെടുക്കുന്നതാണ്. കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കാൻ കഴിയാത്ത

സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകി കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതാണ്. കോളേജ് വിദ്യാർത്ഥികളുടെ പഠനസമയം ക്രമീകരിച്ച് പാർട്ട് ടൈം തൊഴിലിലൂടെ വരുമാനമുണ്ടാക്കുന്നതിനായി കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ് ഫോർ ഏൺ, ലേൺ ആന്റ് എംപവർ (CIELE) എന്ന പദ്ധതി ആവിഷ്കരിക്കുന്നതാണ്. കെയർ ഹോം രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും മാരകരോഗങ്ങൾ ബാധിച്ച സഹകരണ സംഘാംഗങ്ങളെ സഹായിക്കുന്നതിനായി 'അംഗ സമാശ്വാസ നിധി' നടപ്പാക്കുന്നതിനും സാഹിത്യ മ്യൂസിയം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കേരള സഹകരണ സംഘം നിയമവും ചട്ടങ്ങളും സമഗ്രമായി പരിഷ്കരിക്കുന്നതിന് വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ യൂണിയന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ നവീകരിക്കുന്നതിനും വനിതാഫെഡിന്റെ നേതൃത്വത്തിൽ 'ഷീ സ്കിൽസ് ട്രെയിനിംഗ് ' പരിപാടി നടപ്പിലാക്കുന്നതിനും കേപ്പ്-ന്റെ കീഴിൽ പുതിയ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നതിനും സംഘങ്ങൾ നേരിടുന്ന ആദായനികുതി പ്രശ്നങ്ങൾ പരിഹരിക്കാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനും കൺസ്യൂമർ ഫെഡിനുകീഴിൽ ടെമ്പറേച്ചർ കൺട്രോൾഡ് വെയർഹൗസ് നിർമ്മിക്കുന്നതിനും നാളികേര സംഭരണത്തിനും സംസ്കരണത്തിനുമായി കൃഷി-കയർ വകുപ്പുകളുടെ ഏകോപനത്തോടെ വിപുലമായ

പദ്ധതി നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സഹകരണ മേഖലയിലെ നേട്ടങ്ങൾ അന്താരാഷ്ട്ര ശ്രദ്ധയാകർഷിക്കുന്നതിനായി അന്തർദ്ദേശീയ സഹകരണ എക്സ്പോ സംഘടിപ്പിക്കുന്നതാണ്. മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സഹകരണ മേഖലയിലെ സ്വാശ്രയ പെൻഷൻ പദ്ധതി ഫണ്ട് നീക്കിയിരുപ്പിലെ അപര്യാപ്തത പരിഹരിക്കുന്നതിനും ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനുമായി നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് പെൻഷൻ പരിഷ്കരണമുൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതാണ്. കേരള ബാങ്കിന്റെ ഭാഗമായ അർബൻ ബാങ്കിനെ സഹകരണ മേഖലയിൽ നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. ടൂറിസം രംഗത്തെ അടിസ്ഥാനസൗകര്യ വികസനത്തിനായി 1698 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും 259 എണ്ണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വിനോദസഞ്ചാരമേഖലയുടെ സമഗ്ര വികസനത്തിനായി വിവിധ വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഡി.റ്റി.പി.സി. പുന:സംഘടിപ്പിക്കുന്നതിനും പൊൻമുടി വിനോദസഞ്ചാര കേന്ദ്രത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ആലപ്പുഴ ജില്ലയിലെ

വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് ഡി.എം.സി. മുഖാന്തിരം ബസ് സർവ്വീസ് ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതാണ്. തോണിക്കടവ് വിനോദസഞ്ചാരകേന്ദ്രത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങളും വാഗമണിലെ പിൽഗ്രിം ടൂറിസത്തിന്റെ സാദ്ധ്യതകളും പരിശോധിക്കുന്നതാണ്. പീരുമേട് ടൂറിസം സർക്യൂട്ട് സാദ്ധ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതാണ്. തിരുവനന്തപുരം ചാലയും കോഴിക്കോട് മിഠായിത്തെരുവുമുൾപ്പെടുത്തി പൈതൃക തെരുവ് പദ്ധതിയും കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സഹായത്തോടെ സ്വദേശി ദർശൻ പദ്ധതിയും നടപ്പിലാക്കിവരുന്നു. ഇക്കോ ടൂറിസം പദ്ധതിയിലുൾപ്പെടുത്തി പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി സർക്യൂട്ടിലെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ നിർമ്മാണപ്രവൃത്തികൾ പുരോഗമിക്കുകയാണ്. ജടായുപാറ ടൂറിസം പദ്ധതിയുടെ ആദ്യഘട്ടം പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പൂർത്തീകരിച്ച് പ്രവർത്തനമാരംഭിക്കുകയും രണ്ടാംഘട്ടം ഉദ്ഘാടനത്തിന് സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി സ്റ്റേറ്റ് ലെവൽ മിഷൻ രൂപീകരിക്കുകയും 17008 യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുകയും പതിനായിരക്കണക്കിന് ആളുകൾക്ക് തൊഴിൽ സാദ്ധ്യത ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. വൈക്കത്ത് ആരംഭിച്ച പെപ്പർ പദ്ധതി (PEPPER-People's Participation for Planning and Empowerment through Responsible Tourism)

മറ്റ് പ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോവളം വെള്ളാറിൽ അന്താരാഷ്ട്ര നിലവാരമുള്ള ക്രാഫ്റ്റ് വില്ലേജ് ആരംഭിക്കുന്നതാണ്. വിനോദസഞ്ചാരികൾക്ക് താമസസൗകര്യമൊരുക്കുന്നതിനായി കെ.റ്റി.ഡി.സി.-യുടെ കീഴിൽ മുഴപ്പിലങ്ങാടും കോഴിക്കോടും ഫൈവ്സ്റ്റാർ ഹോട്ടലുകൾ ആരംഭിക്കാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഗുരുവായൂർ ഗസ്റ്റ് ഹൗസിന്റെ പ്രവർത്തനം പുരോഗമിക്കുകയാണ്. കന്യാകുമാരിയിൽ കേരള ഭവൻ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. തിരുവിതാംകൂർ പൈതൃക സംരക്ഷണ പദ്ധതി, ധർമ്മടം-മുഴപ്പിലങ്ങാട് അന്താരാഷ്ട്ര ടൂറിസം കേന്ദ്രമാക്കൽ പദ്ധതി, ടൂറിസം കേന്ദ്രങ്ങളിലെ വനവൽക്കരണ പരിപാടി, നെല്ലിയാമ്പതിയിലെ ഫാം ടൂറിസം, ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരണം എന്നിവ ഈ വർഷം നടപ്പാക്കുന്നതിനും ഇതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഇന്ത്യയിലെ മികച്ച വിനോദസഞ്ചാര സംസ്ഥാനമായി കേരളത്തെ നിലനിർത്താനാണ് ശ്രമിക്കുന്നത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥന ഒരു നിഷ്പക്ഷ വോട്ടിനെതിരെ 45 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ ഉച്ചയ്ക്കുശേഷം 12.13-ന് പിരിഞ്ഞു.)

****